II ഇ.ബി. XV- കേരള നിയമസഭ/XVI-5

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ഫെബ്രുവരി 4, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് 03-02-2026-ന് സഭയ്ക്കുള്ളിൽ പ്രതിഷേധിച്ചവർക്കെതിരെ മുഖ്യമന്ത്രി നടത്തിയ പരാമർശം പിൻവലിക്കണമെന്നും ഈ വിഷയത്തിൽ മറ്റ് മന്ത്രിമാർ നടത്തുന്ന ആക്ഷേപകരമായ പരാമർശങ്ങളോട് യോജിക്കാൻ സാധിക്കില്ലെന്നും സഭാനടപടികളുമായി സഹകരിക്കുന്നില്ലെന്നും പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ *121-ാം നമ്പർ ചോദ്യം ഉന്നയിച്ചില്ല.)

20 (*122) **വയോമിത്രം പദ്ധതി**

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, നഗരപ്രദേശങ്ങളിൽ സാമൂഹ്യസുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്നപൗരന്മാർക്ക് മാനസികോല്ലാസവും ആരോഗ്യപരിരക്ഷയും അവരുടെ

സ്ഥലങ്ങളിൽത്തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച 'വയോമിത്രം' പദ്ധതി സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും നാല് ബ്ലോക്ക് പഞ്ചായത്തുകളിലുമായി (ആകെ 104 യൂണിറ്റുകൾ) വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്നും വയോജനങ്ങളെ ഏറെ അലട്ടുന്ന ജീവിതശൈലി രോഗനിയന്ത്രണം, സൗജന്യ ചികിത്സയും മരുന്നും, കൗൺസിലിങ്, പാലിയേറ്റീവ് സേവനം, ഹെൽപ് ഡെസ്ക്, വാതിൽപ്പടി സേവനം എന്നിവ പദ്ധതിയുടെ ഭാഗമായി നൽകുന്നുണ്ടെന്നും നിലവിൽ 2.91 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും 148 ബ്ലോക്ക് പഞ്ചായത്തുകളിലേക്കുകൂടി പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ആർ.ഡി.ഒ.-മാരുടെ അധ്യക്ഷതയിൽ 27 റവന്യൂ ഡിവിഷനുകളിലും വയോജനങ്ങൾക്കുള്ള മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യസുരക്ഷാ മിഷനുകീഴിൽ ആരംഭിച്ച വി-കെയർ പദ്ധതി പ്രകാരം 604 ഗുണഭോക്താക്കൾക്കായി 15.51 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം 1000 രൂപയായി വർധിപ്പിക്കാനും പദ്ധതിയിൽ 22000 പുതിയ ഗുണഭോക്താക്കളെക്കൂടി ചേർക്കാനും തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സായംപ്രഭ ഹോമുകളിലൂടെ 60 വയസ്സിന് മുകളിലുള്ളവർക്ക് ഒത്തുചേരാനും കൗൺസിലിങ്, യോഗ, മെഡിക്കൽ പരിശോധന, ഭക്ഷണം, വിനോദപ്രവർത്തനങ്ങൾ എന്നിവ ഉറപ്പാക്കാനും സാധിക്കുമെന്നും വയോജനങ്ങളുടെ ഏകാന്തത കുറയ്ക്കാനും മാനസികോല്ലാസത്തിനുമായി ഫോൺ എ ഫ്രണ്ട് മാതൃകയിൽ 'സല്ലാപം' പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും വയോജന ക്ലബ്ബുകൾ മുഖാന്തരം ഉല്ലാസയാത്രകളും വയോസൗഹൃദ മേളകളും വയോജന സംഗമങ്ങളും സംഘടിപ്പിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി

മന്ത്രി അറിയിച്ചു.

21 (*123) **<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്</u>**

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷക വിദ്യാർഥികൾക്കായി നടപ്പു സാമ്പത്തിക വർഷം മുതൽ 'ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോരിറ്റീസ്' പദ്ധതി ആവിഷ്കരിച്ചെന്നും വിദേശ സർവകലാശാലകളിൽ ബിരുദ-ബിരുദാനന്തര-പി.എച്ച്.ഡി. കോഴ്സുകളിൽ ഉന്നതവിദ്യാഭ്യാസം നേടാൻ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിദേശപഠന സ്കോളർഷിപ്പ് അനുവദിച്ചുവരുന്നതായും സഭയെ അറിയിച്ചു. ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോരിറ്റീസ് പദ്ധതി പ്രകാരം ഗവേഷണ വിദ്യാർഥികൾക്ക് ഗവേഷണ പഠന കാലയളവിൽ പ്രതിവർഷം 2,40,000/- രൂപ നിരക്കിൽ മൂന്ന് ഗഡുക്കളായി 7,20,000/- രൂപ അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2026 ഫെബ്രുവരി ആദ്യവാരത്തോടെ തുക വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിദേശ സർവകലാശാലകളിലെ പഠനത്തിനായി വിദ്യാർഥികൾ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്ക്, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ അടിസ്ഥാനത്തിൽ അഞ്ച് ലക്ഷം രൂപ സ്കോളർഷിപ്പായി അനുവദിക്കുന്നുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം 21 വിദ്യാർഥികൾക്കായി 105 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും IIT/IIM/IIsc/IMsc എന്നിവിടങ്ങളിൽ ഉപരിപഠനം നടത്തുന്നവർക്ക് അൻപതിനായിരം രൂപ സ്കോളർഷിപ്പായി നൽകുന്നുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം 33

വിദ്യാർഥികൾക്കായി 16.50 ലക്ഷം രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ന്യൂനപക്ഷ വിദ്യാർഥികളുടെ നൈപുണ്യശേഷി വികസനവും ആധുനിക സാങ്കേതിക മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതും ലക്ഷ്യമിട്ട് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുഖേന പന്ത്രണ്ട് മാസം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. 'മാർഗദീപം' സ്കോളർഷിപ്പിനായി നടപ്പു സാമ്പത്തിക വർഷം 18.84 കോടി രൂപ അനുവദിച്ചെന്നും അടുത്ത സാമ്പത്തിക വർഷത്തേക്കായി 22 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹമോചിതർ, ഭർത്താവുപേക്ഷിച്ച വനിതകൾ തുടങ്ങിയവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സാമ്പത്തിക സഹായം നൽകുന്നതിനായി അഞ്ച് കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ശാഖകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ആരംഭിക്കുമെന്നും കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഈ മാസംതന്നെ റീജിയണൽ ഓഫീസുകൾ തുറക്കുമെന്നും ലാപ്ടോപ്പ് വായ്പ, വിധവകൾക്കുള്ള സ്വയംതൊഴിൽ വായ്പ എന്നിവ പുതുതായി ആരംഭിക്കുമെന്നും തിരിച്ചടവ് മുടങ്ങിയ ലോണുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്നും പുറത്തുപോകുകയും ചെയ്തു.)

22 (*124) **<u>പൊതുഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി. കൈവരിച്ച നേട്ടങ്ങൾ</u>**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ,

പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെയും ജനങ്ങൾക്ക് മികവുറ്റ യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിന്റെയും ഭാഗമായി ഗ്രാമീണ, സിറ്റി, ദീർഘദൂര യാത്രകൾക്ക് ആധുനിക കാലഘട്ടത്തിനനുസൃതമായ ബസ്സ് സർവീസുകൾ ആരംഭിച്ചെന്നും പുതിയതരം ബസ്സുകളുടെ ലോഞ്ചിങ്ങും പുതിയ സർവീസ് ക്ലാസ്സുകൾ ഉൾപ്പെടെയുള്ള പദ്ധതികളും ജീവനക്കാരുടെ പങ്കാളിത്തത്തോടെയുള്ള 'ട്രാൻസ്പോ' പോലുള്ള പരിപാടികളും ജീവനക്കാരിൽ പുത്തനുണർവുണ്ടാക്കുകയും പൊതുജനങ്ങളെ കെ.എസ്.ആർ.ടി.സി.-യിലേക്ക് ആകർഷിക്കാനും അതിലൂടെ വരുമാന വർധനവിനും കാരണമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഉൾപ്രദേശങ്ങളിലേക്ക് 'ഗ്രാമവണ്ടി' എന്ന പ്രത്യേക ബസ്സ് സർവീസും വനിതാ മത്സ്യത്തൊഴിലാളികൾക്ക് പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിയുടെ വിവിധ ഭാഗങ്ങളിലേക്കും തിരിച്ചും യാത്രചെയ്യാൻ 'സമുദ്ര' സർവീസും ആരംഭിച്ചിട്ടുണ്ട്. ഈ വർഷത്തെ ശബരിമല മകരവിളക്ക് മഹോൽസവത്തിന് 1000 ബസ്സുകൾ ക്രമീകരിച്ച് പരാതിക്കിടനൽകാതെ സ്പെഷ്യൽ സർവീസ് നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സെൻട്രൽ വർക്ക്ഷോപ്പിൽ ശീതീകരണ സംവിധാനമടക്കം ഏർപ്പെടുത്തിയും സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളിൽ ജീവനക്കാരെ പുനർവിന്യസിച്ചും എഞ്ചിൻ, ഗിയർ ബോക്സ് എന്നിവയുടെ പ്രതിമാസ പ്രൊഡക്ഷൻ വർധിപ്പിച്ചും ഓഫ്റോഡ് ബസ്സുകളുടെ എണ്ണം ശരാശരി 500-നും 550-നുമിടയിൽ നിലനിർത്താൻ സാധിച്ചിട്ടുണ്ട്. സൂപ്പർ ക്ലാസ്സ് ശ്രേണിയിലുള്ള ബസ്സുകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി 125 ബസ്സുകളും ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആവശ്യത്തിലേക്ക് 29 ബസ്സുകളും റീഫർബിഷിങ് പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനഃക്രമീകരിക്കുകയോ ഡെഡ് ട്രിപ്പുകൾ

പൂർണ്ണമായും ഒഴിവാക്കുകയോ, സ്റ്റേ സർവീസുകളാക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ടിക്കറ്റ് ഡിജിറ്റലൈസേഷൻ, ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ, ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിങ്, സ്മാർട്ട് ട്രാവൽ കാർഡ് എന്നീ സംവിധാനങ്ങളും ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കൊറിയർ പാർസൽ സർവീസ്, ഡ്രൈവിങ് സ്കൂൾ, ബജറ്റ് ടൂറിസം, ഇലക്ട്രിക് ചാർജിങ് സ്റ്റേഷൻ, പെട്രോൾ ബങ്കുകൾ തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കുകയും ഷോപ്പിങ് കോംപ്ലക്സുകളിൽ കാലങ്ങളായി ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലൈസൻസികൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെത്തുന്ന വിനോദസഞ്ചാരികൾക്കായി തുറന്ന ഇരുനില പരിസ്ഥിതി സൗഹാർദ്ദ ഇലക്ട്രിക് ബസുകൾ, റോയൽ വ്യൂ ഡബിൾ ഡക്കർ, സൈറ്റ് സീയിങ് ഓപ്പൺ ഡബിൾ ഡക്കർ എന്നിവ ഏർപ്പെടുത്തുകയും മൂന്നാറിൽ വിനോദസഞ്ചാരത്തിന് ഉപയോഗിച്ചിരുന്ന ബസ്സുകളിൽ ട്രാൻസ്പാരന്റ് ഗ്ലാസുകൾ ഘടിപ്പിച്ച് ആകർഷണീയമാക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയ ബസ്സ് ടെർമിനൽ കം ഷോപ്പിങ് കോംപ്ലക്സുകൾ, ബസ്സ് സ്റ്റേഷനുകൾ, പൊതുടോയ്‌ലറ്റുകളുടെയും സ്റ്റാഫ് ടോയ്‌ലറ്റുകളുടെയും നവീകരണം, യാത്രക്കാരുടെ വിശ്രമമുറി ശീതീകരണം തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്കായി Wayside ഹോട്ടലുകൾ, Pre-ordered meals, Digital cloak rooms, പ്രധാന ബസ്സ് സ്റ്റേഷനുകളിൽ ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രം എന്നിവ നടപ്പാക്കുകയും ബസ്സ് സ്റ്റേഷനുകളിലെ പൊതുടോയ്‌ലെറ്റുകൾ സുലഭ് ഇന്റർനാഷണലിന് കൈമാറി വൃത്തിയുള്ള ശൗചാലയങ്ങൾ

ഉറപ്പുവരുത്തുകയും പുനലൂർ, നെടുമങ്ങാട്, വിഴിഞ്ഞം, കാട്ടാക്കട ബസ്സ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും എല്ലാ ഡിപ്പോകളും വർക്ക്ഷോപ്പുകളും മാലിന്യമുക്തമാക്കാൻ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ബസ്സുകൾക്ക് ഡീസൽ ബസ്സുകളെക്കാൾ മൂന്നിരട്ടിയിലധികം മൂലധനച്ചെലവ് കൂടുതലായതിനാലും ചാർജിങ് സബ്സ്റ്റേഷൻ ഏർപ്പെടുത്താനുള്ള ചെലവും വാറന്റി കാലാവധിക്കുശേഷം വാഹന നിർമ്മാതാവിന് നൽകേണ്ട എ.എം.സി. ചാർജ്ജും പരിഗണിക്കുമ്പോൾ ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർധിപ്പിക്കുന്നകാര്യം നിലവിൽ പരിഗണിക്കാൻ കഴിയില്ലെന്ന് മന്ത്രി വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി. ജീവനക്കാരനും കുടുംബത്തിനും 50 ലക്ഷം രൂപ വരെയുള്ള ആരോഗ്യപരിരക്ഷയും അപകടത്തിൽ മരണപ്പെടുന്ന ജീവനക്കാരന്റെ കുടുംബത്തിന് ഒരു കോടി രൂപയും ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. സൊസൈറ്റി ഫോർ എമർജൻസി മെഡിസിൻ ഇന്ത്യയും നിംസ് മെഡിസിറ്റിയുമായി ചേർന്ന് 14 ഡിപ്പോകൾ കേന്ദ്രീകരിച്ച് എമർജൻസി മെഡിക്കൽ കെയർ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. കിഴക്കേകോട്ടയിൽ ആരംഭിക്കുന്ന ആശുപത്രിയിൽ പാവപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ ഡയാലിസിസ് ചെയ്യാനും മരുന്നുകൾ ലഭ്യമാക്കാനും സൗകര്യമൊരുക്കുന്നതാണ്. എല്ലാ ഡിപ്പോകളിലും ഉടൻതന്നെ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. ബാർട്ടൺഹിൽ എഞ്ചിനീയറിങ് കോളേജിന്റെ പഠന റിപ്പോർട്ട് ലഭിച്ചശേഷം കോഴിക്കോട് ബസ്സ് ടെർമിനൽ തുറക്കാൻ നടപടി സ്വീകരിക്കുമെന്നും ആലപ്പുഴ-തലവടി-മുട്ടാർ ബസ്സ് സർവീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുമെന്നും പൊതുമരാമത്ത് വകുപ്പിൽനിന്നും പ്ലാനും ഡിസൈനും ലഭ്യമാകുന്നമുറയ്ക്ക് പുനലൂർ ഡിപ്പോയുടെ നിർമ്മാണം

ആരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

- - - - - - - - - - -